**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3576** **05-08-2021 - ൽ മറുപടിയ്ക്ക്**

**പ്രവാസി സംരംഭങ്ങൾക്ക് സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | തൊഴിൽരഹിതരായ പ്രവാസികളുടെ സാങ്കേതികപരിജ്ഞാനവും പരിചയമികവും ഉപയോഗപ്പെടുത്തി വ്യവസായവകുപ്പിന്റെ കീഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് തൊഴിൽ നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; | (എ) | തൊഴിൽരഹിതരായ പ്രവാസികളുടെ സാങ്കേതികപരിജ്ഞാനവും പരിചയ മികവും ഉപയോഗപ്പെടുത്തി തൊഴിൽ നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നുണ്ട്. തൊഴിൽ രഹിതരായ പ്രവാസികൾക്ക് കൂടി സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ മേഖലയിൽ തൊഴിൽ സാധ്യത ഉറപ്പു വരുത്തുന്നതിനായി സർക്കാർ ആവിഷ്കരിച്ച നടപ്പിലാക്കിയ പദ്ധതിയാണ് വ്യവസായ ഭദ്രത പദ്ധതി. പ്രസ്തുത പദ്ധതിയിൽ നാട്ടിൽ തിരിച്ചെത്തിയ പ്രവാസികൾക്കും പ്രത്യേക പ്രാധാന്യം നൽകി ഇളവ് പ്രഖ്യാപിച്ചിരിക്കുന്നു. നിലവിലുള്ള സംരംഭക സഹായ പദ്ധതി ഉദാരവൽക്കരിക്കുന്നതിന്റെ ഭാഗമായി പദ്ധതിയുടെ മാർഗ്ഗരേഖ GO(MS) No.103/2020/ID dated 24/11/2020 ഉത്തരവ് പ്രകാരം ഭേദഗതി ചെയ്ത് നടപ്പിലാക്കി വരുന്നു. ഇതിൻപ്രകാരം SC/ST, വനിതകൾ, യുവാക്കൾ എന്നിവർ ആരംഭിക്കുന്ന MSME യൂണിറ്റുകൾക്ക് നിലവിൽ നൽകിവരുന്ന 20% സബ്സിഡി 25% ആയി വർദ്ധിപ്പിച്ചു, ഈ പ്രത്യേക വിഭാഗത്തിലേക്ക് പ്രവാസികൾ ആരംഭിക്കുന്ന MSME യൂണിറ്റുകളെ കൂടി ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ നാട്ടിൽ തിരിച്ചെത്തുന്ന പ്രവാസികളുടെ വിവര ശേഖരണത്തിനായി വ്യവസായ വാണിജ്യ വകുപ്പ് ഒരു ഓൺലൈൻ പോർട്ടൽ തയ്യാറാക്കുകയും ടി പോർട്ടൽ വഴി ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ അവർക്ക് ആവശ്യമായ കൈത്താങ് സഹായവും ചെയ്യുന്നുണ്ട്. മടങ്ങിയെത്തിയ പ്രവാസികളുടെ താത്പര്യങ്ങൾ മനസ്സിലാക്കിയ ശേഷം അവർക്ക് വേണ്ട വകുപ്പ് തല സഹായം നൽകുവാൻ ഒരു സമ്പൂർണ്ണ വിവര ശേഖരണ പോർട്ടൽ തയ്യാറാക്കിയിട്ടുണ്ട്. www.industry.kerala.gov.in |

| | | | |
|---|---|---|---|
| | | | എന്ന വെബ്സൈറ്റിലും മടങ്ങിയെത്തുന്ന പ്രവാസികളുടെ സംരംഭക വിവരങ്ങൾ സമർപ്പിക്കുവാനുള്ള സൗകര്യം സജ്ജമാക്കിയിട്ടുണ്ട്. |
| (ബി) | പ്രവാസി മലയാളികൾക്ക് സംസ്ഥാനത്ത് വ്യവസായസംരംഭങ്ങൾ ആരംഭിക്കുന്നതിന് സർക്കാരിന്റെ കീഴിലുള്ള ധനകാര്യസ്ഥാപനങ്ങൾ മുഖേന വായ്പ നൽകുന്ന പ്രത്യേക പദ്ധതി നിലവിലുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ? | (ബി) | പ്രവാസി മലയാളികൾക്ക് സംസ്ഥാനത്ത് വ്യവസായസംരംഭങ്ങൾ ആരംഭിക്കുന്നതിന് സർക്കാരിന്റെ കീഴിലുള്ള ധനകാര്യസ്ഥാപനങ്ങൾ മുഖേന വായ്പനൽകുന്ന പ്രത്യേക പദ്ധതി നിലവിലില്ലെങ്കിലും പ്രവാസികളുടെ സംരംഭക ശേഷിയും തൊഴിൽ വൈദഗ്ധ്യവും കണക്കിലെടുത്ത് നാട്ടിൽ സ്വയം തൊഴിൽ ആരംഭിക്കുന്നതിനുള്ള പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രൊജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). പ്രസ്തുത പദ്ധതിയിൻ കീഴിൽ കൃഷി, മത്സ്യബന്ധനം, മൃഗപരിപാലനം, വാണിജ്യം, ചെറുകിട വ്യവസായം, സർവീസ് മേഖല, നിർമ്മാണ മേഖല, എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തി ബാങ്കുകളിൽ നിന്നും വായ്പ നൽകി വരുന്നുണ്ട്. പുതിയ സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപ വരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും ആദ്യം 4 വർഷത്തേക്ക് 3% പലിശ സബ്സിഡിയും ഈ പദ്ധതി മുഖേന ലഭിക്കുന്നു. സംരംഭകർക്ക് ആവശ്യമായ അടിസ്ഥാന പരിശീലനവും, പദ്ധതി രേഖകൾ തയ്യാറാക്കാനും വായ്പ ലഭ്യത ഉറപ്പാക്കാനുള്ള സഹായവും സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്പ്മെന്റ് വഴി ലഭ്യമാക്കുന്നുണ്ട്. പ്രവാസി പുനരധിവാസ പദ്ധതി വിപുലികരിക്കുന്നതിന്റെ ഭാഗമായി നിലവിൽ 16 ധനകാര്യ സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പുവെച്ച് വായ്പാലഭ്യത വിപുലപ്പെടുത്തിയിട്ടുണ്ട്. ടി ധനകാര്യ സ്ഥാപനങ്ങളിലേതെങ്കിലും തെരെഞ്ഞെടുത്ത് ഗുണഭോക്താവ് സമർപ്പിക്കുന്ന അപേക്ഷ പ്രസ്തുത ധനകാര്യ സ്ഥാപനത്തിലേക്ക് ശുപാർശ ചെയ്തു അയയ്ക്കുകയും ആയത് പരിശോധിച്ച് ധനകാര്യ സ്ഥാപനങ്ങൾ വായ്പ അനുവദിക്കുകയുമാണ് ചെയ്യുന്നത്. കൂടാതെ വായ്പ വഴിയോ അല്ലാതെയോ നിക്ഷേപം നടത്തുന്ന വ്യവസായ സംരംഭകർക്ക് സംരംഭക സഹായ പദ്ധതി പ്രകാരം സ്ഥിര നിക്ഷേപത്തിന് ആനുപാതികമായി സബ്സിഡി അനുവദിക്കുന്നതിൽ പ്രവാസികൾ ആരംഭിക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി അധിക സബ്സിഡി അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ